LIBRARY ARCHIVES Kerala Legislative Assembly

## പി.എം.ജി.എസ്.വൈ - 2 പദ്ധതി

21 (5368) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

പി.എം.ജി.എസ്.വൈ.-2 പ്രകാരം 2013 നവംബർ 26-ന് കേന്ദ്രസർക്കാർ നിർദ്ദേശിച്ച പ്രകാരമുള്ള 570 കി. മീ. റോഡിന്റെ ഡി.പി.ആർ (Detailed Project Report) സംസ്ഥാന സർക്കാർ കേന്ദ്രസർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ എപ്പോഴേക്ക് സമർപ്പിക്കാൻ കഴിയും ; വിശദാംശം നൽകുമോ ?

### ഉത്തരം

പി.എം.ജി.എസ്.വൈ.-2-ൽ സംസ്ഥാനത്തെ ഉൾപ്പെടുത്തുന്നതിനുള്ള സമ്മർദ്ദം കേന്ദ്രത്തിൽ ചെലുത്തിയതനുസരിച്ച് പി.എം.ജി.എസ്.വൈ.-2 പ്രകാരം 570 കി.മീ. ദൈർഘ്യം വരുന്ന റോഡുകൾ ഏറ്റെടുക്കുന്നതിനുള്ള അംഗീകാരം കേന്ദ്ര സർക്കാരിൽനിന്നും നേടിയെടുത്തിട്ടുണ്ട്. ഇതിന് അനിവാര്യമായ ജില്ലാതല ഡിജിറ്റലൈസ് ചെയ്ത ഡിസ്ട്രിക്ട് റൂറൽ റോഡ് പ്ലാൻ ജി.ഐ.എസ്. പ്ലാറ്റ്ഫോമിൽ തയ്യാറാക്കി ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായുള്ള സ്റ്റേറ്റ് ലെവൽ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ അംഗീകാരം നേടിയെടുത്തിട്ടുണ്ട്. ഇതനുസരിച്ച് 2015-16 സാമ്പത്തിക വർഷത്തിൽതന്നെ പി.എം.ജി.എസ്.വൈ.-2-ലേക്കുള്ള വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി കേന്ദ്ര സർക്കാരിന് സമർപ്പിക്കുന്നതിനുള്ള നടപടി യുദ്ധകാല അടിസ്ഥാനത്തിൽ ജില്ലകളിൽ പുരോഗമിക്കുകയാണ്.

## വിവര പൊതുജനസമ്പർക്ക വകുപ്പിന്റെ പദ്ധതികൾ

22 (5369) ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാരിനും ജനങ്ങൾക്കുമിടയിൽ കണ്ണിയായി നിന്ന് പരിപാടികൾ നടത്താനും സർക്കാരിന്റെ പ്രവർത്തനങ്ങൾ ജനങ്ങളിൽ എത്തിക്കാനും വേണ്ടി വിവര പൊതുജനസമ്പർക്ക വകുപ്പ് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത് ;

(സി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

<u>ഉത്തരം</u>

(എ) വകുപ്പിന്റെ എല്ലാ പ്രവർത്തനങ്ങളുടെയും ലക്ഷ്യം സർക്കാരിനും ജനങ്ങൾക്കുമിടയിൽ കണ്ണിയായി വർത്തിക്കുകയെന്നതാണ്. അച്ചടി, ഇലക്ട്രോണിക് മാധ്യമങ്ങളിലൂടെയുള്ള പ്രചാരണ പ്രവർത്തനങ്ങൾക്ക് പുറമേ, ഫീൽഡ് പബ്ലിസിറ്റി വിഭാഗവും ഇതിനായി പ്രത്യേകം പ്രവർത്തിക്കുന്നു. പ്രത്യേക പ്രചാരണ പരിപാടികളും ആവശ്യമായ ഘട്ടങ്ങളിൽ നടത്തിവരുന്നു. ജനങ്ങളുടെ പ്രതികരണങ്ങൾ സർക്കാരിന് ലഭ്യമാക്കുന്നതിനുള്ള സംവിധാനവും വകുപ്പിലുണ്ട്. കൂടാതെ സുതാര്യ കേരളം പരിപാടിയിലൂടെ മുഖ്യമന്ത്രിയുമായി നേരിട്ട് വീഡിയോ കോൺഫറൻസിംഗിലൂടെ പരാതി പരിഹാരത്തിനും സംവിധാനമുണ്ട്.

(ബി) സർക്കാരിന്റെ വികസന ക്ഷേമ പരിപാടികളെക്കുറിച്ച് വിവരങ്ങൾ യഥാസമയം ജനങ്ങൾക്കെത്തിക്കുക, ജനങ്ങളുടെ പ്രതികരണങ്ങളും മാധ്യമങ്ങളുടെ വിലയിരുത്തലുകളും സർക്കാരിന് നൽകി വികസന ക്ഷേമപ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനുള്ള തുടർനടപടികൾക്ക് സഹായിക്കുക തുടങ്ങിയ ലക്ഷ്യങ്ങളാണ് വകുപ്പിന്റെ പ്രവർത്തനങ്ങൾക്കുള്ളത്.

(സി) ഡയറക്ടറേറ്റിലും ജില്ലാതലത്തിലും ന്യൂഡൽഹിയിലും പ്രവർത്തിക്കുന്ന ഓഫീസുകളിലൂടെയാണ് വകുപ്പിന്റെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നത്. വകുപ്പിന്റെ സ്ഥിരം പ്രവർത്തനങ്ങളും പുതിയ പദ്ധതികളും ഏകോപിപ്പിക്കുന്നതിനും പുതുതായി മോണിറ്ററിംഗ് സമിതി രൂപീകരിച്ചിട്ടുണ്ട്. അഡീഷണൽ ഡയറക്ടറുടെ നേതൃത്വത്തിൽ എല്ലാ ആഴ്ചയും ഡെപ്യൂട്ടി ഡയറക്ടർമാരുടെ യോഗം ചേർന്ന് പദ്ധതി പ്രവർത്തനങ്ങൾ വിലയിരുത്താൻ നിർദ്ദേശിച്ചിട്ടുണ്ട്. വകുപ്പ് ഡയറക്ടറുടെ നേരിട്ടുള്ള മേൽനോട്ടത്തിൽ നിരീക്ഷണ സംവിധാനവുമുണ്ട്. പ്രത്യേക പ്രചാരണ പരിപാടികൾ ഏറ്റെടുക്കുമ്പോൾ അവയ്ക്കായി പ്രത്യേകം മേൽനോട്ട സമിതികളും രൂപീകരിക്കാറുണ്ട്.

**ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി**

23 (5370) <u>ശ്രീ. എം. ഹംസ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2014-15 സാമ്പത്തിക വർഷത്തിൽ തൊഴിലുറപ്പ് പദ്ധതിയിൽ വേതനമായി എത്ര തുക നൽകുകയുണ്ടായി ; ജില്ലാടിസ്ഥാനത്തിൽ വിശദാംശം ലഭ്യമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly